## കഴിഞ്ഞ നാലു വർഷങ്ങൾക്കുള്ളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ

130 [1306] *ഡോ. എ. നീലലോഹിതദാസൻ നാടാർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാലു വർഷങ്ങൾക്കുള്ളിൽ എത്ര ചെറുകിട വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(ബി) ഇവയിൽ എത്ര യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്; ഈ വ്യവസായ യൂണിറ്റുകൾക്കായി സംസ്ഥാന സർക്കാർ എന്തൊക്കെ സഹായങ്ങളാണ് ചെയ്തുകൊടുത്തിട്ടുള്ളത്;

(സി) ഇവയെ സഹായിക്കാൻ ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്;

(ഡി) വ്യവസായ സംരംഭകരെ സഹായിക്കാൻ താലൂക്ക്/ബ്ലോക്ക് അടിസ്ഥാനങ്ങളിലുള്ള സംവിധാനമെന്ത്;

(ഇ) ചെറുകിട വ്യവസായ സംരംഭകർ നേരിടുന്ന പ്രശ്നത്തെക്കുറിച്ച് കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ എപ്പോഴെങ്കിലും ചർച്ച ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

*ഉത്തരം*

(എ) കഴിഞ്ഞ നാലു വർഷങ്ങൾക്കുള്ളിൽ (31-5-2005 വരെ) ആകെ 41388 ചെറുകിട വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) മുകളിൽ പറഞ്ഞിട്ടുള്ള 41388 ചെറുകിട യൂണിറ്റുകളും പ്രവർത്തനം ആരംഭിച്ചവയാണ്. ഈ വ്യവസായ യൂണിറ്റുകൾ നെഗറ്റീവ് ലിസ്റ്റിൽപ്പെടാത്ത യൂണിറ്റുകൾക്ക് മാർജിൻമണി വായ്പാ സബ്സിഡി, മാർക്കറ്റിംഗ് സഹായം തുടങ്ങിയ ധനസഹായങ്ങൾക്കൊപ്പം ബാങ്ക് ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ ലഭ്യമാക്കുക, ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക എന്നിവയും ചെയ്തുവരുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മേൽപ്പറഞ്ഞ എല്ലാ സഹായങ്ങളും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴിയാണ് നൽകുന്നത്. പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുക, ധനകാര്യ സ്ഥാപനങ്ങളുമായി നിക്ഷേപകരെ ബന്ധപ്പെടുത്തുക, മറ്റു സഹായങ്ങൾ യഥാസമയം ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെ എന്റർപ്രണർഷിപ്പ് ഗൈഡൻസ് സെല്ലുകളും ക്ലിയറൻസ് ലൈസൻസ് എന്നിവ യഥാസമയം ലഭ്യമാക്കാൻ ഗ്രീൻചാനൽ സംവിധാനം, ഏകജാലക ക്ലിയറൻസ് ബോർഡും ജില്ലകളിൽ.

(ഡി) താലൂക്ക് അടിസ്ഥാനത്തിൽ താലൂക്ക് വ്യവസായ ആഫീസുകളും ബ്ലോക്ക് തലത്തിൽ വകുപ്പിലെ ഓരോ വ്യവസായ വികസന ആഫീസർമാരും പ്രവർത്തിക്കുന്നു.

(ഇ) ഉണ്ട്.

1. ജില്ലാ കളക്ടർ ചെയർമാനും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായുള്ള ജില്ലാ വ്യവസായ വികസന സമിതികളിൽ പ്രശ്നങ്ങൾ ചർച്ച ചെയ്യാറുണ്ട്.

2. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും വ്യവസായ വാണിജ്യ ഡയറക്ടർ വൈസ് ചെയർമാനും, ചെറുകിട വ്യവസായ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് തൃശ്ശൂർ ഡയറക്ടർ മെമ്പർ സെക്രട്ടറിയുമായ ചെറുകിട വ്യവസായങ്ങളുടെ സംസ്ഥാനതല ഉപദേശക സമിതിയിൽ പ്രശ്നങ്ങൾ ചർച്ച ചെയ്യാറുണ്ട്. വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും ഈ കമ്മിറ്റി യോഗം ചേരാറുണ്ട്.

3. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനും വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി വൈസ് ചെയർമാനും, ധനം, റവന്യൂ, കയർ, വനം, ആരോഗ്യം, വൈദ്യുതി വകുപ്പുമന്ത്രിമാരും ബന്ധപ്പെട്ട വകുപ്പുകളുടെ പ്രിൻസിപ്പൽ സെക്രട്ടറിമാർ അംഗങ്ങളും വ്യവസായ വാണിജ്യ ഡയറക്ടർ കൺവീനറുമായിട്ടുള്ള ഹൈലെവൽ ടാസ്ക് ഫോഴ്സ് കമ്മിറ്റി ചെറുകിട വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്.

4. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരുടെ യോഗം രണ്ടു മാസത്തിലൊരിക്കലെങ്കിലും കൂടി ചെറുകിട വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യാറുണ്ട്. കൂടാതെ, പ്രശ്നങ്ങൾ ഉണ്ടാകുന്നമുറയ്ക്ക് അവ അതത് തലങ്ങളിൽ ചർച്ച ചെയ്ത് പരിഹരിക്കാൻ ആവശ്യമായ സഹായങ്ങളും കൈക്കൊള്ളാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly